# ‘രൂപാന്തരീകരണം ദൈവത്തെ കേൾക്കുന്നതിലൂടെ’

## ഉൽപത്തി 1:2

‘ഭൂമി പാഴായും ശൂന്യമായും ഇരുന്നു; ആഴത്തിന്മീതെ ഇരുൾ ഉണ്ടായിരുന്നു. ദൈവത്തിന്റെ ആത്മാവു വെള്ളത്തിൻ മീതെ പരിവർത്തിച്ചുകൊണ്ടിരുന്നു.’

മുകളിൽ ആദാമിനെ ദൈവം സൃഷ്ടിച്ചത് പൂർണ്ണതയിലാണ്.. എന്നാൽ പിശാചിന്റെ തന്ത്രത്തിൽ അവൻ വീണപ്പോൾ അവനുണ്ടായിരുന്ന ദൈവീകത നഷ്ടപ്പെട്ടു. അതിനാൽ മനുഷ്യനെ ദൈവത്തിനു പുനർനിർമ്മിക്കേണ്ടതായി വന്നു. നശിച്ചു പോയ മനുഷ്യരെ പുനർനിർമ്മിക്കുക എന്നത് ദൈവം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു.. ഉല്പത്തിയിൽ ഭൂമിയെ പുനർനിർമ്മിച്ച ദൈവത്തിന് മനുഷ്യജീവിതങ്ങളെ അതേ രീതിയിൽ പുനർനിർമ്മിക്കുവാൻ സാധിക്കും.

ഭൂമിയെ ദൈവം പുനർനിർമ്മിച്ചത് തന്റെ വചനത്താലും പരിശുദ്ധാത്മശക്തിയിലുമാണ്. അത് ഒരു നിമിഷംകൊണ്ടാണ് സംഭവിച്ചത്. ഓരോ ദിവസവും ദൈവം ഓരോ കാര്യങ്ങൾ ചെയ്ത് ആറു ദിവസം കൊണ്ട് അത് നടപ്പാക്കി.. ഒടുവിൽ ‘വളരെ നല്ലത്‘ എന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തു.

ഇന്ന് നമ്മൾ എത്ര രൂപമില്ലാത്തതും, ശൂന്യവുമാണെന്നത് ഒരു പ്രശ്നവുമല്ല. ദൈവത്തിനു നമ്മെ പുനർനിർമ്മിക്കുവാൻ കഴിയും. അത് ഭൂമിയെ പുനർനിർമ്മിച്ച അതേ രീതിയിൽ തന്നെയാണ് ദൈവം ചെയ്യുന്നത്. എല്ലാ ദിവസവും ദൈവം വചനം അരുളിചെയ്തു. അതുപോലെ ജീവനുള്ള ദൈവമായ അവിടുന്ന് നമ്മോടും ഓരോ ദിനവും സംസാരിക്കുന്നു. അതിനാൽ രൂപാന്തരണം പ്രാപിക്കന്നതിനായി, ദൈവം അനുദിനം പറയുന്നത് നാം കേൾക്കേണ്ടിയിരിക്കുന്നു.

മത്തായിയുടെ സുവിശേഷം 4:4 ൽ നാം വായിക്കുന്നു, ‘മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽകൂടി വരുന്ന സകലവചനംകൊണ്ടും ജീവിക്കുന്നു’ മനുഷ്യൻ ഇപ്രകാരം ജീവിക്കണമെന്നതാണ് ദൈവികപദ്ധതി. അതിനാൽ അനുദിനം ദൈവശബ്ദം കേട്ടില്ലായെങ്കിൽ രൂപാന്തരം സംഭവിക്കുകയില്ല.

ഉല്പത്തി 1:2 ൽ കാണുന്ന മറ്റൊരു വസ്തുത 'ദൈവത്തിന്റെ ആത്മാവു വെള്ളത്തിനുമീതേ പരിവർത്തിക്കുന്നതായാണ്'. അതിനാൽ ദൈവം പറയുന്നത് കേട്ടതിനുശേഷം ദൈവാത്മാവിനു നമ്മെ കീഴ്പ്പെടുത്തി സമർപ്പിക്കണം.. പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ് രൂപാന്തരീകരണത്തെ പൂർത്തീകരിക്കുന്നതും, അതിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുവാൻ ഇടയാക്കുന്നതും. ദൈവത്തിന്റെയും, ആത്മാവിന്റെയും ഒരുമിച്ചുള്ള പ്രവർത്തനം വഴിയാണ് പാഴും ശൂന്യവുമായിരുന്ന ഭൂമി ഭംഗിയുള്ളതായി മാറിയത്.

അതിനാൽ പരിശുദ്ധാത്മ നിയന്ത്രണത്തിലുള്ള ദൈവവചന പഠനത്തിലൂടെയും, ആത്മാവിലുള്ള ആസ്രയത്തിലൂടെയും ജീവിതങ്ങളെ രൂപാന്തരപ്പെടുത്താനായി വിട്ടുകൊടുക്കുമെങ്കിൽ, താൻ പുനർനിർമ്മിച്ചതിനെ നോക്കി 'വളരെ നല്ലത്' എന്നു പറഞ്ഞ ദൈവം, ഒടുവിൽ നമ്മുടെ പുനർനിർമ്മിക്കപ്പെട്ട്, അനുദിനം രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്ന ജീവിതത്തെയും നോക്കി "വളരെ നല്ലത്""എന്നു പറയുവാൻ ഇടവരും.. ജീവിതമാകുന്ന തീവണ്ടി ദൈവവചനമാകുന്ന പാളത്തിലൂടെ, പരിശുദ്ധാത്മാവാകുന്ന ശക്തിയാൽ (fuel) ഓടിക്കൊണ്ടിരുന്നാൽ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരും.

**പരാമർശം:**

ഗലാത്യർ 5:22-23

ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൌമ്യത, ഇന്ദ്രിയജയം; ഈ വകെക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല.

**ബ്രദർ ജോബി ജയിംസ് ചങ്ങനാശ്ശേരി 003**